REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-08-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന് ഒരുങ്ങി രാജ്യം. രാഷ്ട്രപതി ദ്രൗപദി മുർമു വൈകിട്ട് ഏഴിന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.**
- **സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് നാളെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും.**
- **തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും.**
- **ജൈവ ഉറവിട മാലിന്യങ്ങൾ വീട്ടിൽ തന്നെ സംസ്കരിക്കുന്നവർക്ക് അഞ്ച് ശതമാനം വീട്ടുനികുതി ഇളവ് നൽകുമെന്ന് മന്ത്രി MB രാജേഷ്.**
- **വ്യാപകമായ മഴ സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്ത് ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത. ഇന്നും നാളെയും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശം.**

## വാർത്തകൾ വിശദമായി

79-ാം സ്വാതന്ത്ര്യദിന തലേന്നാളായ ഇന്ന് വൈകിട്ട് 7ന് രാഷ്ട്രപതി ദ്രൗപദി മുർമു രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും ദൂരദർശന്റെയും ദേശീയ ശൃംഖലയിലൂടെ ആദ്യം ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലും രാഷ്ട്രപതിയുടെ പ്രസംഗം പ്രക്ഷേപണം ചെയ്യും. അഭിസംബോധനയുടെ പ്രാദേശിക പരിഭാഷ രാത്രി ഒമ്പതരയ്ക്ക് ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യും.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷങ്ങൾക്ക് നാളെ രാവിലെ ന്യൂഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. ദേശീയപതാക ഉയർത്തിയ ശേഷം പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യും. 2047 ഓടെ വികസിത ഭാരതം യാഥാർത്ഥ്യമാക്കുകയെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാടിന് ഉന്നൽ നൽകുന്ന 'നയാ ഭാരത്' എന്ന ആശയത്തോടെയാണ് 79-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത്.

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ പ്രാധാന്യത്തോടെ അവതരിപ്പിക്കും. ഓപ്പറേഷൻ സിന്ദൂർ ലോഗോ സഹിതമാണ് ചടങ്ങിലേക്ക് ക്ഷണക്കത്ത് തയ്യാറാക്കിയിരിക്കുന്നത്. ചെനാബ് പാലത്തിന്റെ മുദ്രയും ക്ഷണപത്രത്തിലുണ്ട്. ചുവപ്പുകോട്ടയിലെ ചടങ്ങിലേക്ക് 5000ത്തോളം പേരെയാണ് പ്രത്യേകം ക്ഷണിച്ചിരിക്കുന്നത്. സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ ടീം അംഗങ്ങളും, ഖേലോ ഇന്ത്യ പാരാ ഗെയിംസ് ജേതാക്കളും ഇവരിൽ ഉൾപ്പെടുന്നു.

സ്വാതന്ത്ര്യദിന സായാഹ്നത്തിൽ ഇത്തവണ ആദ്യമായി ജനങ്ങളെ ഓപ്പറേഷൻ സിന്ദൂർ വിജയം ഓർമ്മിപ്പിക്കുന്ന ബാന്റ് വാദ്യം രാജ്യവ്യാപകമായി ഒരുക്കിയിട്ടുണ്ട്. കര-വ്യോമ-നാവിക സേനാംഗങ്ങളും BSF, RPF, കോസ്റ്റ് ഗാർഡ്, NCC, CISF ബാന്റ് സംഘങ്ങളായിരിക്കും 140 ഓളം കേന്ദ്രങ്ങളിൽ ബാന്റ് വാദ്യം അവതരിപ്പിക്കുന്നത്.

രാജ്യതലസ്ഥാനത്ത് പൂർണ സുരക്ഷ ഉറപ്പാക്കാൻ വിപുലമായ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. സുരക്ഷയ്ക്കും ക്രമസമാധാന പാലനത്തിനും അർദ്ധസൈനിക വിഭാഗങ്ങളും കമാൻഡോകളും ഉൾപ്പെടെ ആയിരക്കണക്കിന് സുരക്ഷാ ഉദ്യോഗസ്ഥരെ ഡൽഹിപൊലീസ് വിന്യസിച്ചു.

✪✪✪

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നാളെ രാവിലെ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. സേനാ വിഭാഗങ്ങളുടെ പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. തുടർന്ന് വിശിഷ്ട സേവനത്തിന് രാഷ്ട്രപതിയുടെ പോലീസ് മെഡലുകൾ, ഫയർ സർവ്വീസ് മെഡലുകൾ, കറക്ഷനൽ സർവ്വീസ് മെഡലുകൾ, ജീവൻ രക്ഷാപതക്കങ്ങൾ എന്നിവ മുഖ്യമന്ത്രി സമ്മാനിക്കും. ജില്ലകളിലെ ആഘോഷ പരിപാടികളിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തും.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായ ഹർ ഘർ തിരംഗ ക്യാമ്പയിൻ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ അസ്സമിലെ ദിബ്രുഗഡിൽ ഉദ്ഘാടനം ചെയ്തു. ദിബ്രുഗഡിലെ പൗരപ്രമുഖരെ വീട്ടിലെത്തി കണ്ട് അദ്ദേഹം BJP യുടേയും RSS ന്റേയും പ്രാദേശിക നേതാക്കളേയും സന്ദർശിച്ചു.

✪✪✪

സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി പയ്യന്നൂരിൽ ഇന്നലെ ഏഴിമലയിലെ നാവികസേനാംഗങ്ങൾ അണിനിരന്ന ബാൻഡ് മേളം സംഘടിപ്പിച്ചു. വൈകിട്ട് ഒരു മണിക്കൂറോളം നീണ്ട പരിപാടി ഓപ്പറേഷൻ സിന്ദൂർ വിജയം അനുസ്മരിക്കുകയും സേനാംഗങ്ങൾക്ക് ആദരവ് അർപ്പിക്കുകയും ചെയ്തു.

✪✪✪

സോളാർ ഫോട്ടോ വോൾടെയ്ക് മൊഡ്യൂൾ നിർമ്മാണ രംഗത്ത് 100 ജിഗാ വാട്ട് ശേഷി എന്ന ചരിത്ര നേട്ടം സ്വന്തമാക്കിയ രാജ്യത്തിന്റെ ശ്രമങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രശംസിച്ചു. രാജ്യം സ്വയംപര്യപ്തതയിലേക്ക് സഞ്ചരിക്കുന്നതിന്റെ സുപ്രധാന നാഴികക്കല്ലാണിതെന്ന് കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷിയുടെ സാമൂഹിക മാധ്യമപോസ്റ്റിനോട് പ്രധാനമന്ത്രി പ്രതികരിച്ചു.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്.........

ഇന്ത്യയുടെ നിർമ്മാണശേഷിയുടെയും സംശുദ്ധ ഊർജ്ജം ജനപ്രിയമാക്കുന്നതിന്റെയും ശ്രമങ്ങളെയാണ് നേട്ടം ചിത്രീകരിക്കുന്നതെന്ന് നരേന്ദ്രമോദി വിശദീകരിച്ചു.

സോളാർ ഊർജ്ജരംഗത്തെ അംഗീകൃത മോഡലുകളുടെയും നിർമ്മാതാക്കളുടെയും പട്ടികയിൽ ഇന്ത്യ 100 ജിഗാ വാട്ട് ശേഷിയെന്ന ചരിത്രപരമായ നേട്ടം കൈവരിച്ചതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി സാമൂഹിക മാധ്യമകുറിപ്പിൽ അറിയിച്ചിരുന്നു. പത്തു വർഷം മുൻപ് വെറും 2.3 ജിഗാവാട്ട് മാത്രമായിരുന്നു ഇന്ത്യയുടെ ശേഷി. അവിടെ നിന്നാണ് പുതിയ നേട്ടം ഇന്ത്യ സ്വന്തമാക്കിയത്. 2030 ആകുമ്പോഴേക്കും 500 ജിഗാവാട്ട്, ഫോസിൽ ഇതര ഇന്ധന ശേഷി എന്ന ലക്ഷ്യം കൈവരിക്കാൻ രാജ്യത്തിന് സാധിക്കുമെന്ന് പ്രൽഹാദ് ജോഷി അറിയിച്ചു.

✪✪✪

അതിർത്തി രക്ഷാ സേനയിലെ ഗ്രൂപ്പ് B,C ജീവനക്കാരുടെ ആദ്യ കേഡർ റിവ്യൂവിന് കേന്ദ്രം അംഗീകാരം നൽകി. കോൺസ്റ്റബിൾ മുതൽ ഇൻസ്പെക്ടർ വരെ തസ്തികകളിൽ 23,710 പേർക്ക് ഇതിന്റെ അടിസ്ഥാനത്തിൽ

പ്രൊമോഷൻ ലഭിക്കും. 8,116 പേർക്ക് ഇന്നലെ പ്രൊമോഷൻ ഓർഡറുകൾ കൈമാറി. ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സേനയുടെ ആത്മവീര്യം വർദ്ധിപ്പിക്കാനും ഉത്തേജനം നൽകാനും പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തൽ.

✪✪✪

നിലമ്പൂർ-ഷൊർണൂർ റെയിൽവേ സ്റ്റേഷനുകളെ ബന്ധിപ്പിച്ച് മെമു സർവീസ് ഉടൻ ആരംഭിക്കുമെന്ന് റെയിൽവേ മന്ത്രി  അശ്വിനി വൈഷ്ണവ് അറിയിച്ചു. BJP സംസ്ഥാന പ്രസിഡന്റ്  രാജീവ് ചന്ദ്രശേഖറിന്റെ ഇടപെടൽ വഴി കൈക്കൊണ്ട  തീരുമാനം, കേന്ദ്രമന്ത്രി അദ്ദേഹത്തെ കത്തിലൂടെയാണ് അറിയിച്ചത്.

✪✪✪

കണ്ണൂർ  കേരളത്തിലെ ആദ്യ അതിദാരിദ്ര്യ മുക്ത ജില്ലയെന്ന നേട്ടം പൂർത്തീകരിച്ചതിന്റെ പ്രഖ്യാപനം രാവിലെ കണ്ണൂരിൽ നടത്തും. ജില്ലാപഞ്ചായത്ത് ഓഡിറ്റോറിയത്തിൽ  മന്ത്രി MB രാജേഷാണ് പ്രഖ്യാപനം നടത്തുന്നത്. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ചടങ്ങിൽ അധ്യക്ഷനാകും.

✪✪✪

ജൈവ ഉറവിട മാലിന്യങ്ങൾ വീട്ടിൽ തന്നെ സംസ്കരിക്കുന്നവർക്ക് അഞ്ച് ശതമാനം വീട്ടുനികുതി ഇളവ് നൽകുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു.

വർക്കലയിൽ സംസ്ഥാനത്ത് ആദ്യമായി നിർമ്മിച്ച, സാനിറ്ററി വേസ്റ്റ് ടു എനർജി പ്ലാന്റിന്റെ പ്രവർത്തനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗാർഹിക ബയോ മെഡിക്കൽ സാനിറ്ററി മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന പ്ലാന്റ് ആണിത്. ഓരോ ദിവസവും അഞ്ച് ടൺ മാലിന്യം പ്ലാന്റിൽ സംസ്കരിക്കാൻ കഴിയും.

കേരളത്തിലെ മുഴുവൻ സാനിറ്ററി പാഡ് മാലിന്യവും സംസ്കരിക്കാൻ ആവശ്യമായ പ്ലാന്റുകൾ ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഹരിതകർമ്മസേനാംഗങ്ങൾക്കായി നടപ്പാക്കുന്ന സംരംഭകത്വ വികസന പദ്ധതിക്ക് ഇന്ന് തുടക്കമാകും. രാവിലെ കണ്ണൂർ  ആന്തൂർ നഗരസഭയിൽ മന്ത്രി MB രാജേഷ് പദ്ധതി ഉദ്ഘാടനം ചെയ്യും.

ആകാശവാണി ജില്ലാ പ്രതിനിധി KOശശിധരൻ..

.......വോയ്സ്......

ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേരള ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായാണ് സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ 93 നഗരസഭകളിലെ ഏഴായിരത്തോളം വരുന്ന ഹരിതകർമ സേനാംഗങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 24 കോടി രൂപ ചിലവിൽ ഒരുക്കുന്ന ഈ പദ്ധതിയിലുൾപ്പെടുത്തി ഹരിതകർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കം കുറിക്കും. തുണിസഞ്ചി, ജൈവവളം, ചവിട്ടി, ഇനോക്കുലം തുടങ്ങിയവയുടെ ഉൽപാദന യൂനിറ്റുകൾ, സ്ക്രാപ്പ് വ്യാപാരം, സാനിട്ടറി വേസ്റ്റ് ശേഖരണ യൂണിറ്റ് എന്നിങ്ങനെ വിവിധ സംരംഭങ്ങളാണ് ഒരുങ്ങുന്നത്. മികച്ച സംരംഭങ്ങൾ ഉറപ്പാക്കുന്നതിനായി ഹരിതകർമ്മസേനാംഗങ്ങൾക്ക് നൈപുണ്യ പരിശീലനവും സാങ്കേതിക പരിജ്ഞാനത്തിനായി പരിശീലനവും നൽകും. മാലിന്യത്തിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള അനുബന്ധ സംരംഭങ്ങളായിരിക്കും പദ്ധതിയിലൂടെ നടപ്പിലാക്കുക

✪✪✪

അവയവ മാറ്റിവെക്കൽ ശസ്ത്രക്രിയ കഴിഞ്ഞവർക്ക് മരുന്നുകൾ സീറോ പ്രോഫിറ്റ് കൗണ്ടറുകൾ വഴി വില കുറച്ച് നൽകുമെന്ന് മന്ത്രി വീണാജോർജ്ജ് തിരുവനന്തപുരത്ത് അറിയിച്ചു. ക്യാൻസർ മരുന്നുകൾ വില കുറച്ച് നൽകുന്ന കാരുണ്യ സ്പർശം കൗണ്ടറുകൾ വഴിയായിരിക്കും ഇത്തരം മരുന്നുകളും നൽകുന്നത്. മരണനാന്തര അവയവ ദാതാക്കളുടെ കുടുംബങ്ങളെ ആദരിക്കുന്ന സ്മൃതിവന്ദനം 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നിർമ്മിത ബുദ്ധി സ്മാർട്ട് ഫെൻസുകൾ സ്ഥാപിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. കൊച്ചി ഷിപ്പ്യാർഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് ഫെൻസിംഗ് നടത്തുന്നതിന്റെ കരാർ തിരുവനന്തപുരത്ത് ഒപ്പുവെക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. കോതമംഗലം വനം ഡിവിഷനിലെ മുള്ളരിങ്ങാട് 400 മീറ്റർ വേലി നിർമ്മിക്കാനാണ് കരാർ ഒപ്പിട്ടത്.

✪✪✪

സംസ്ഥാനത്ത് വ്യാപക മഴക്ക് സാധ്യത കണക്കിലെടുത്ത് ഇന്ന് ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശൂർ, എറണാകുളം ജില്ലകളിലാണ് ജാഗ്രതാ നിർദേശം നൽകിയത്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60

കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന്  സാധ്യതയുണ്ട്. ഇന്നും നാളെയും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

മൂഴിയാർ ഡാമിന്റെ ഷട്ടറുകൾ ഇന്ന് ഉയർത്താൻ സാധ്യതയുണ്ടെന്ന് അധികൃതർ അറിയിച്ചു. ആങ്ങമൂഴി, സീതത്തോട് എന്നിവിടങ്ങളിൽ  ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ട്. കക്കാട്ടാറിന്റെ, തീരങ്ങളിൽ താമസിക്കുന്ന വർക്ക് ജാഗ്രതാ നിർദേശം നൽകി.

✪✪✪

ചതുർഭാഷാ നിഘണ്ടു രചയിതാവ് തലശ്ശേരി തിരുവങ്ങാട്ടെ ഞാറ്റ്വേല ശ്രീധരൻ നിര്യാതനായി. 87 വയസ്സായിരുന്നു. അദ്ദേഹത്തിന്റെ  മലയാളം, കന്നഡ, തമിഴ്, തെലുഗു  ഭാഷാ നിഘണ്ടു ഏറെ ശ്രദ്ധേയമായിരുന്നു. 'ഓർമ്മകളുടെ തിറയാട്ടം' എന്ന ആത്മകഥയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൃതദേഹം രാവിലെ കോടിയേരി ഓണിയൻ ഹൈസ്കൂളിന് സമീപത്തെ  വീട്ടിൽ പൊതുദർശനത്തിന് വെക്കും. വൈകിട്ട് തലശ്ശേരി കണ്ടിക്കൽ ശ്മശാനത്തിലാണ് സംസ്കാരം.

✪✪✪

അധ്യാപനത്തെ ജോലി എന്നതിലുപരി മികച്ച സമൂഹ സൃഷ്ടിയുടെ ഉത്തരവാദിത്വമായി അധ്യാപകർ കാണണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ KV മനോജ് കുമാർ പറഞ്ഞു. സാമൂഹ്യ മാനസിക പ്രശ്നങ്ങൾക്കൊപ്പം ടൈപ്പ്-1 പ്രമേഹമുൾപ്പെടെ  പല തരം രോഗങ്ങൾ നേരിടുന്ന വിദ്യാർത്ഥികളും സ്കൂളുകളിലുണ്ടെന്ന് അധ്യാപകർ മനസ്സിലാക്കണം.

കണ്ണൂർ ജില്ലയിലെ ഹൈസ്കൂൾ അധ്യാപകർക്കായി കമ്മീഷൻ സംഘടിപ്പിച്ച അധ്യാപക പരിശീലനം ശിക്ഷക് സദനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ചെയർപേഴ്സൺ.

✪✪✪

കണ്ണൂർ ആറളം വന്യജീവി സങ്കേതത്തിൽ ചത്ത കാട്ടുപന്നി സാമ്പിളുകളിൽ ആഫ്രിക്കൻ പന്നിപ്പനിയോ, ഗുരുതരമായ മറ്റു രോഗങ്ങളോ കണ്ടെത്തിയില്ലെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു.

പരിശോധനയക്ക് അയച്ച നാല് സാമ്പിളുകളുടേയും ഫലം നെഗറ്റീവാണ്. ആവശ്യമെങ്കിൽ പുതിയ സാമ്പിളുകളും പരിശോധനയ്ക്ക് അയക്കുമെന്ന് അധികൃതർ പറഞ്ഞു.

✪✪✪

ദേശീയ ഫുട്ബോൾ ടീം പരിശീലകനായി മുൻ ഇന്ത്യൻ താരം ഖാലിദ് ജമീൽ ചുമതലയേറ്റു. രണ്ട് വർഷത്തേക്കാണ് ജമീലിന്റെ നിയമനമെന്ന് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ അറിയിച്ചു.

ജംഷഡ്പൂർ FCയുടെ പരിശീലക സ്ഥാനം ഒഴിഞ്ഞാണ് ജമാൽ ഇന്ത്യൻ ടീമിന്റെ ചുമതലയേൽക്കുന്നത്.

✪✪✪

ഈ വർഷത്തെ ഹജ്ജ് യാത്രക്ക് അർഹരായവരെ തെരഞ്ഞെടുക്കാൻ മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ ഇന്നലെ നറുക്കെടുപ്പ് നടത്തി. സൗദി അറേബ്യ, ഹജ്ജ് ക്വോട്ട ഔദ്യോഗികമായി നിശ്ചയിക്കാത്ത സാഹചര്യത്തിൽ ഒരു ലക്ഷം സീറ്റുകൾ കണക്കാക്കിയായിരുന്നു നറുക്കെടുപ്പ്. തെരഞ്ഞെടുക്കപ്പെട്ടവർ ആദ്യ ഗഡുവായ ഒരു ലക്ഷത്തി 52,300 രൂപ ഈ മാസം 20നകം അടക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കേന്ദ്ര ഹജ്ജ് കമ്മിറ്റി നിർദേശിക്കുന്ന തിയ്യതിക്കകം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കണം.

✪✪✪

കേന്ദ്ര ഗവൺമെന്റിന്റെ പ്രൊമിസിംഗ് സ്വച്ഛ് ഷഹർ  പുരസ്കാരം നേടാൻ മട്ടന്നൂർ നഗരസഭയ്ക്കൊപ്പം ചേർന്ന് പ്രവർത്തിച്ചവരെ വൈകിട്ട് ആദരിക്കും. സാദരം സാഭിമാനം എന്ന പരിപാടി മട്ടന്നൂർ കൈലാസം ഓഡിറ്റോറിയത്തിൽ മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor  : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs:, സയ്യിദ് അലി ശിഹാബ്*
*DEO: സി കെ സുബോധ്*